# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 198 — 26.09.11 ൽ -മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പുതിയ റേഷൻ കാർഡുകൾ വയനാട് ജില്ലയിൽ വിതരണം ചെയ്തുവെന്ന് താലൂക്ക് തലത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ വിതരണം ചെയ്ത റേഷൻ കാർഡുകൾ താലൂക്ക് അടിസ്ഥാനത്തിൽ ഇപ്രകാരമാണ്.<br>വൈത്തിരി : 641 എണ്ണം<br>സുൽത്താൻ ബത്തേരി : 1094 എണ്ണം<br>മാനന്തവാടി : 1522 എണ്ണം<br>ആകെ 3257 |
| (ബി) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്; | (ബി) റേഷൻ കാർഡിനായുള്ള അപേക്ഷയ്ക്കൊപ്പം താഴെപ്പറയുന്ന ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കേണ്ടതാണ്.<br>1. വരുമാന സർട്ടിഫിക്കറ്റ്<br>2. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്<br>3. സറണ്ടർ സർട്ടിഫിക്കറ്റ്<br>4. റിഡക്ഷൻ സർട്ടിഫിക്കറ്റ്<br>5. കാർഡുടമയുടെ സമ്മത പത്രം<br>6. നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ല എന്ന് എം.എൽ.എ/എം.പി/ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ സർട്ടിഫിക്കറ്റ്. |
| (സി) റേഷൻ കാർഡുകളുടെ വിതരണം സമയബന്ധിതമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? | (സി) സർക്കാരിന്റെ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കെട്ടിക്കിടന്നിരുന്ന മുഴുവൻ റേഷൻ കാർഡ് അപേക്ഷകളും 25.08.2011 ന് മുമ്പായി തീർപ്പാക്കിയിട്ടുണ്ട്. ആയതിന് ശേഷം ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ ന്യൂനതയില്ലാത്ത പക്ഷം അന്നു തന്നെ റേഷൻകാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ